**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6289** — **20-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ഇവർക്ക് ഭൂമി ലഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **ബാലുശ്ശേരി മണ്ഡലത്തിൽ ഭൂരഹിതരായ അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ലൈഫ് മിഷൻ മുഖേന അപേക്ഷ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ഇവർക്ക് വീട് ലഭിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ; | (ബി) | **പ്രസ്തുത മണ്ഡലത്തിൽ 37 പട്ടികവർഗ്ഗക്കാരാണ് നിലവിൽ ഭവനരഹിതരായിട്ടുള്ളത്. നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം അനുവദിച്ചുവരുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷയിന്മേൽ ലൈഫ് മിഷൻ മുഖേന നടപടി സ്വീകരിച്ച് വരുന്നുണ്ട്.** |
| (സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീട് അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകരുണ്ട്; ഇവർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **നടപ്പുവർഷം 135 ഗുണഭോക്താക്കളാണ് ഭവന പുനരുദ്ധാരണത്തിനായി അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത്. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലകുന്ന് കോളനിയിലെ ഗുണഭോക്താക്കളെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലും മറ്റ് പഞ്ചായത്തുകളിലെ ഗുണഭോക്താക്കളെ സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി ഭവനപുനരുദ്ധാരണം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ